ഉത്തരം

പ്രത്യേകം പുസ്തകം നിഷ്കർഷിച്ചിട്ടില്ല.

16 (2573) സ്റ്റാഫ് കൗൺസിൽ തെരഞ്ഞെടുപ്പ് റദ്ദാക്കൽ

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ ജൂലൈ 19-ന് നടത്തുവാനിരുന്ന സംസ്ഥാനതല സ്റ്റാഫ് കൗൺസിൽ തെരഞ്ഞെടുപ്പ് ഡയറക്ടർ റദ്ദാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് തെരഞ്ഞെടുപ്പ് റദ്ദാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഉത്തരവ് റദ്ദാക്കി മുൻ തീരുമാനപ്രകാരം ജൂലൈ 19-ന് തന്നെ തെരഞ്ഞെടുപ്പ് നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റദ്ദാക്കിയിട്ടുണ്ട്.

(ബി) 30.6.1999 വരെയുള്ള കാലയളവിൽ നിയമനം ലഭിച്ച ജീവനക്കാരെക്കൂടി ഉൾപ്പെടുത്തി വോട്ടേഴ്സ് ലിസ്റ്റ് പരിഷ്കരിച്ചതിനുശേഷം സ്റ്റാഫ് കൗൺസിൽ തെരഞ്ഞെടുപ്പ് നടത്തണമെന്ന് ഉദ്ദേശിച്ചാണ് തെരഞ്ഞെടുപ്പ് റദ്ദാക്കിയത്.

(സി) പ്രായോഗികമായ ബുദ്ധിമുട്ടുള്ളതിനാൽ ജൂലൈ 19-ന് തെരഞ്ഞെടുപ്പ് നടത്തുവാൻ നിർവ്വാഹമില്ല.

17 (2574) പെൻഷൻ പുനർനിർണ്ണയം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1.1.1986-നും 1.7.1988-നും ഇടയിൽ പെൻഷനായ പെൻഷൻകാരുടെ പെൻഷൻ റീ ഫിക്സ് ചെയ്ത് പെൻഷൻ ആനുകൂല്യങ്ങൾ പുനഃനിർണ്ണയം ചെയ്യണമെന്നുള്ള 20.7.1998-ലെ ഹൈക്കോടതി വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു;

(സി) പ്രസ്തുത വിധിയുടെ ആനുകൂല്യം ലഭിക്കണമെന്നാവശ്യപ്പെട്ട് എസ്. ആദിത്യൻ പോറ്റി, റിട്ടയേർഡ് എച്ച്.എൽ.എ., ജെ.എം.എച്ച്.എസ്. ശാസ്താംകോട്ട (വെങ്കടയ്ക്കൽ ഇല്ലം, തഴവ, കൊല്ലം ജില്ല) ചീഫ് സെക്രട്ടറിക്ക് ഒരു നിവേദനം നൽകുകയുണ്ടായോ;

(ഡി) എങ്കിൽ പ്രസ്തുത നിവേദനം എന്നാണ് ലഭിച്ചതെന്നും ഇതിന്മേൽ എന്തു നടപടി സ്വീകരിക്കുകയുണ്ടായി എന്നും വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത നിവേദനത്തിന്മേൽ അടിയന്തിര നടപടി സ്വീകരിച്ച് കോടതി വിധിയുടെ വെളിച്ചത്തിലുള്ള ആനുകൂല്യം നിവേദകനും പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly

കാലയളവിൽ പെൻഷൻ ആയ മുഴുവൻ ആളുകൾക്കും ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിധി നടപ്പാക്കിയാലുണ്ടാകാവുന്ന ഗുതുതരമായ സാമ്പത്തിക ബാദ്ധ്യതയും ദൂരവ്യാപകമായ പ്രത്യാഘാതങ്ങളും കണക്കിലെടുത്ത് പ്രസ്തുത വിധിക്കെതിരെ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(സി) നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ഡി) നിവേദനം 12.10.98-ന് ലഭിച്ചു.

(ഇ) അപ്പീൽ തീർപ്പാക്കുന്നതിനുമുമ്പ് അനന്തര നടപടികൾ കൈക്കൊള്ളുന്നതിന് കഴിയുകയില്ല.

18 (2575) കുടുംബ പെൻഷൻ

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിട്ടയർ ചെയ്ത ഗവൺമെന്റ് ജീവനക്കാരുടെയും അധ്യാപകരുടേയും ഭാര്യക്കോ ഭർത്താവിനോ അനുവദിച്ചിരുന്ന കുടുംബ പെൻഷൻ അവരുടെ അവിവാഹിതരായ പെൺമക്കൾക്കും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഈ ഉത്തരവ് അൺ എയ്ഡഡ് സ്കൂളുകളിൽനിന്നും റിട്ടയർ ചെയ്ത അധ്യാപകരുടെ അവിവാഹിതരായ പെൺമക്കൾക്ക് ബാധകമാണോ;

(സി) ഇല്ലെങ്കിൽ ഈ ആനുകൂല്യം അവർക്കുകൂടി ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിർധനരാകുന്ന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും അവിവാഹിതരായ പെൺമക്കൾക്ക് ചില വ്യവസ്ഥകൾക്ക് വിധേയമായി കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവിൽ ഇക്കാര്യം പ്രത്യേകം പരാമർശിക്കപ്പെട്ടിട്ടില്ലെങ്കിലും ബാധകമാണ്.

(സി) ഉദിക്കുന്നില്ല.

19 (2576) മഹിളാ പ്രധാൻ ഏജന്റുമാരുടെ പെൻഷൻ

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മഹിളാ പ്രധാൻ ഏജന്റുമാരുടെ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിനായുള്ള സമഗ്ര നിർദ്ദേശം സമർപ്പിക്കാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly